(ഡി) ഇപ്പോൾ ഡോക്ടർമാരുടെയും നേഴ്സുമാരുടെയും എത്ര ഒഴിവുകൾ ഉണ്ട്;

(ഇ) ഈ ഒഴിവുകൾ നികത്തുമ്പോൾ പിന്നോക്ക ജാതിക്കാർക്കുള്ള പ്രാതിനിധ്യക്കുറവ് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ലഭ്യമായ വിവരം ചുവടെ ചേർക്കുന്നു.

വകുപ്പ്	ഡോക്ടർമാരുടെ എണ്ണം	നേഴ്സുമാരുടെ എണ്ണം
ഹെൽത്ത് സർവ്വീസസ്	3410	7586
ഹോമിയോപ്പതി	543	79
ഹോമിയോ മെഡിക്കൽ കോളേജ്, തിരുവനന്തപുരം	93	16
ആയുർവേദ കോളേജ് തിരുവനന്തപുരം	79	48

(ബി) ലഭ്യമായ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) സംവരണ തത്വങ്ങൾക്കനുസൃതമായി പി.എസ്.സി. അഡ്വൈസ് ചെയ്യുന്നവരെയാണ് സർക്കാർ വകുപ്പുകളിൽ സ്ഥിരം നിയമിക്കുന്നത്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള നിയമനങ്ങളിലും സംവരണ തത്വം പാലിക്കുന്നുണ്ട്.

(ഡി) ഹെൽത്ത് സർവ്വീസിൽ ഡോക്ടർമാരുടെ 652 ഒഴിവുകളും നഴ്സുമാരുടെ 273 ഒഴിവുകളും പി.എസ്.സി. വഴി നിയമനം നടത്തി നികത്താനുണ്ട്. ഹെൽത്ത് സർവ്വീസിലുള്ള ഡോക്ടർമാരുടെ ഒഴിവുകളിൽ 68 എണ്ണം ഒഴികെയുള്ളവ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും കരാർ അടിസ്ഥാനത്തിലും നികത്തിയിട്ടുണ്ട്. തിരുവനന്തപുരം ഹോമിയോ മെഡിക്കൽ കോളേജിൽ ഡോക്ടർമാരുടെ 13 ഒഴിവുകളും നഴ്സുമാരുടെ 2 ഒഴിവുകളും ഉണ്ട്. തിരുവനന്തപുരം ആയുർവേദ കോളേജിൽ ഡോക്ടർമാരുടെ 11 ഒഴിവുകളും നേഴ്സുമാരുടെ 2 ഒഴിവുകളുമാണുള്ളത്.

(ഇ) പരീക്ഷയും ഇന്റർവ്യൂവും നടത്തി പി.എസ്.സി. തയ്യാറാക്കിയ ലിസ്റ്റിൽ നിന്നും സംവരണ തത്വങ്ങൾക്കനുസൃതമായി അഡ്വൈസ് ചെയ്യുന്നവരെയാണ് സർക്കാർ വകുപ്പുകളിൽ സ്ഥിരം നിയമിക്കുന്നത്.

161 (2347) ചികിത്സ നിഷേധിച്ച ഡോക്ടർക്കെതിരെ നടപടി

ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

---

* അനുബന്ധം IX

LIBRARY ARCHIVES Kerala Legislative Assembly

(എ) വടക്കാഞ്ചേരി ബ്ലോക്ക്തല കേരളോത്സവം നടക്കുന്നതിനിടയിൽ പരിക്കുപറ്റിയ രോഗിക്ക് വടക്കാഞ്ചേരി താലൂക്കാശുപത്രിയിൽ ചികിത്സ നിഷേധിച്ച ഡോക്ടർക്കെതിരെ എന്തു നടപടിയാണ് എടുത്തത് എന്ന് വ്യക്തമാക്കുമോ;

(ബി) രോഗവിവരം അന്വേഷിച്ചുചെന്ന ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ തുടങ്ങിയവരെ ഡോക്ടർ അധിക്ഷേപിച്ചത് സംബന്ധിച്ച പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്തു നടപടിയാണ് കൈക്കൊണ്ടത് എന്ന് അറിയിക്കുമോ;

(സി) ഈ സംഭവത്തിൽ ഏതെങ്കിലും ഉദ്യോഗസ്ഥനെ അന്വേഷണത്തിന് ചുമതലപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ ഉടനെ റിപ്പോർട്ട് ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)-(ഡി) പരാതി ലഭിച്ചതിനെത്തുടർന്ന് അത് സംബന്ധിച്ച് തൃശ്ശൂർ ജില്ലാ മെഡിക്കൽ ഓഫീസർ മുഖേന അന്വേഷണം നടത്തുകയുണ്ടായി. എന്നാൽ ഡി.എം.ഒ.യുടെ അന്വേഷണം തൃപ്തികരമല്ലാത്തതിനാൽ ആരോഗ്യവകുപ്പ് അഡീഷണൽ ഡയറക്ടർ (വിജിലൻസ്) വിശദമായ അന്വേഷണം നടത്തുകയുണ്ടായി. ചികിത്സ നൽകുന്ന കാര്യത്തിൽ ഡോക്ടറുടെ ഭാഗത്തുനിന്നും വീഴ്ചയുണ്ടായിട്ടില്ല എന്നാണ് അന്വേഷണത്തിൽ കണ്ടെത്തിയത്. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിനെയും ബ്ലോക്ക് പഞ്ചായത്തിലെ മറ്റു ദ്യോഗസ്ഥരെയും സംഭവത്തെ സംബന്ധിച്ച നിജസ്ഥിതി ധരിപ്പിക്കാതിരുന്നതിനാലുണ്ടായ തെറ്റിദ്ധാരണയാണെന്നും, ഡോക്ടർ രോഗിയെ യഥാസമയം പരിശോധിച്ചിരുന്നോ, ഫസ്റ്റ് എയ്ഡ് നൽകിയിട്ടുണ്ടോ; ഇഞ്ചക്ഷൻ നൽകുന്നതിന് കാലതാമസം ഉണ്ടാകാനുള്ള കാരണമെന്താണ് തുടങ്ങിയ കാര്യങ്ങൾ അവർ അന്വേഷിക്കാൻ താല്പര്യം കാണിച്ചില്ല എന്നുമാണ് അന്വേഷണ ഉദ്യോഗസ്ഥൻ റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ഇഞ്ചക്ഷൻ നൽകുന്നതിനാവശ്യമായ മരുന്ന് പുറത്തുനിന്ന് വാങ്ങാൻ പോയ വ്യക്തി തിരിച്ചെത്താതിരുന്നതുകൊണ്ടാണ് കാലതാമസമുണ്ടായതെന്നും അന്വേഷണത്തിൽ കണ്ടെത്തുകയുണ്ടായി.

162 (2348) കാഞ്ഞീറ്റുകര കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറന്മുള നിയോജകമണ്ഡലത്തിലെ അയിരൂർ പഞ്ചായത്തിലെ കാഞ്ഞീറ്റുകര കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ പുതിയ കെട്ടിടത്തിന്റെ പണി പൂർത്തിയാക്കി തുറന്ന് പ്രവർത്തിപ്പിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) കെട്ടിടത്തിന്റെ എന്തൊക്കെ പണികളാണ് ഇനി അവശേഷിക്കുന്നത്;

(സി) കെട്ടിടത്തിന്റെ ഇലക്ട്രിക് പണികൾ പൂർത്തിയായിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതിന് വൈദ്യുതി കണക്ഷൻ ലഭിച്ചുവോ;

(ഇ) വാട്ടർ കണക്ഷൻ ലഭിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly